## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1394** | **04-07-2022 - ൽ മറുപടിയ്ക്ക്**

## പെരിങ്ങോട്ട്കുറിശ്ശി ജി.എച്ച്.എസ്.എസ്.ന് വാഹനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2019-20-ലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പെരിങ്ങോട്ടുകുറിശ്ശി ജി.എച്ച്.എസ്.എസിന് വാഹനം വാങ്ങി നൽകുന്നതിന് ഉത്തരവിറക്കുന്നതിൽ കാലതാമസം വന്നതു കാരണം ആയത് വാങ്ങി നൽകാൻ കഴിയാതെ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ രണ്ട് ആഴ്ചയിൽ കൂടുതൽ നടപടികൾ സ്വീകരിക്കാതെ കൈവശം വച്ചിരുന്ന ഉദ്യോഗസ്ഥരുടെ പേര്, തസ്തിക എന്നിവ ലഭ്യമാക്കാമോ; | (ബി) | പെരിങ്ങോട്ടു കുറിശ്ശി ജി.എച്ച്.എസ്.എസിന് വാഹനം വാങ്ങുന്നതിന് ജില്ലാകളക്ടറിൽ നിന്നുള്ള 16 ലക്ഷം രൂപയുടെ ഭരണാനുമതിയും അപേക്ഷയും 18.01.2021 -ലെ കത്ത് പ്രകാരം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ടി കാലയളവിൽ കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഓഫീസ് പ്രവർത്തിക്കാതിരുന്നതിനാൽ ടി കത്തിൽ നടപടി സ്വീകരിക്കാൻ കാലതാമസം ഉണ്ടാകുകയും 20.03.2021 -ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത ശുപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. സർക്കാർ പ്രസ്തുത ശുപാർശ പരിശോധിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ മാർച്ച് മാസത്തിൽ പ്രസ്തുത സ്കൂൾ ബസിന് വില വ്യത്യാസം വന്നതിനാൽ അധിക തുക ആവശ്യപ്പെട്ടു കൊണ്ട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പാലക്കാട് എ.ഡി.സി ഓഫീസിലേയ്ക്ക് കത്ത് നൽകുകയും 25.11.2021 -ലെ പാലക്കാട് ജില്ലാ കളക്ടറുടെ ആർ.ഡി3/2733/2019(9) നമ്പർ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് അധിക തുക അനുവദിക്കാൻ സാധിക്കുകയില്ലായെന്ന് അറിയിക്കുകയും ചെയ്തതിനെ തുടർന്ന് 16 ലക്ഷം രൂപയ്ക്ക് വാഹനം വാങ്ങുന്നതിന് പുതുക്കിയ അപേക്ഷ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ 03.02.2022- |

| | | | |
|---|---|---|---|
| | | | ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ആയത് വീണ്ടും പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു.<br><br>സാമ്പത്തിക വർഷാവസാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് ഒട്ടാകെയുള്ള ധനപുന:വിനിയോഗ അഡീഷണൽ ആതറൈസേഷൻ , റീ അപ്രോപ്രിയേഷൻ, അലോട്ട്മെന്റ് എന്നീ ജോലികൾ ബഡ്ജറ്റ് സെക്ഷനിൽ നിന്ന് നടപടി സ്വീകരിക്കേണ്ടതിനാൽ പ്രവൃത്തി ദിവസങ്ങളിൽ അധിക സമയം ജോലി ചെയ്തും അവധി ദിവസങ്ങളിൽ ഹാജരായിട്ടുമാണ് സാമ്പത്തിക വർഷാവസാനത്തിലുള്ള ടി ജോലികൾ ജീവനക്കാർ പൂർത്തീകരിച്ചിരുന്നത്. ടി സാഹചര്യത്തിൽ മനപൂർവ്വമല്ലാത്ത കാരണത്താൽ അടിയന്തിര സ്വഭാവമില്ലാത്ത ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുകയും ആയത് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ തരികയും പ്രസ്തുത ഫയലിൽ നടപടി സ്വീകരിച്ച് 23.05.2022-ലെ സ.ഉ(ആർ.റ്റി) നം.3118/2022/പൊ.വിവ നമ്പർ ഉത്തരവ് പ്രകാരം 16 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. ടി കാലയളവിൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് , അക്കൗണ്ട്സ് ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് , ജൂനിയർ സൂപ്രണ്ട് , സീനിയർ ഫിനാൻസ് ഓഫീസർ എന്നിവരുമാണ് പ്രസ്തുത ഫയൽ കൈകാര്യം ചെയ്തിരുന്നത്. |
| (സി) | ഭാവിയിൽ ഇത്തരം ഫയലുകളിൽ കാലതാമസം വരുത്താതെ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ? | (സി) | എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ഫയലുകളിൽ കാലതാമസം വരാതെ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ